3) വി. ബാലകൃഷ്ണപിള്ള, സീനിയർ മാനേജർ, കുളത്തൂപ്പുഴ-ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

4) ശ്രീ. കെ.ജി. രാംദാസൻ, സീനിയർ മാനേജർ തൃശൂർ 5- കുറ്റപത്രം നൽകി മറുപടി പരിശോധിച്ചുവരുന്നു.

5) ഡി. ജോർജ്ജ്, സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ്-കുറ്റപത്രം നൽകി മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട ഒരു പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സീനിയർ മാനേജരുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് സാധനങ്ങൾ വാങ്ങുന്നതും സ്റ്റേഷനറി പ്രിന്റിംഗ് തുടങ്ങിയ ജോലികൾ ചെയ്യിപ്പിക്കുന്നതും. ഈ വിഷയവുമായി ബന്ധപ്പെട്ട് ആരുടെ പേരിലും നടപടികൾ കൈക്കൊണ്ടിട്ടില്ല.

41 (1082) കെ.എസ്.എഫ്.ഇ. ഭാഗ്യക്കുറി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. എന്തെങ്കിലും ഭാഗ്യക്കുറി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ചിട്ടിയുമായി ബന്ധപ്പെട്ടാണോ പ്രസ്തുത ഭാഗ്യക്കുറി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾ എന്തൊക്കെ ആണെന്നും എത്ര തുകയുടെതാണെന്നും നറുക്കെടുപ്പിൽ കൃത്രിമം നടത്താതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇല്ല. എന്നാൽ പുതുവർഷത്തോടനുബന്ധിച്ച് കമ്പനി വിവിധ സമ്മാനങ്ങളോടുകൂടിയ "മില്ലേനിയം ചിട്ടികൾ" എന്ന പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

42 (1083) ആറന്മുളയിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള ആസ്ഥാനമായി കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ ഒരു ശാഖ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ)-(സി) ആറന്മുളയിൽ കെ.എസ്.എഫ്.ഇ. യുടെ ഒരു പുതിയ ശാഖ തുറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

43 (1084) ക്ഷേമനിധി ബോർഡുകളുടെ ആഡിറ്റ്

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് എത്ര ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് കൈകാര്യം ചെയ്യുന്നുണ്ട്; ഏതെല്ലാം;

(ബി) നിക്ഷിപ്തമായ ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ ആഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏറ്റെടുക്കാതെ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ഓഡിറ്റ് ഏറ്റെടുക്കാൻ നടപടി കൈക്കൊള്ളുമോ;

(ഡി) ക്ഷേമനിധികൾ ഓഡിറ്റ് ചെയ്യുന്നതിന് എത്ര ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ഇ) ഇതിന് എത്ര രൂപ പ്രതിവർഷം ചെലവുവരും;

(എഫ്)ഓഡിറ്റ് ഫീസ് ഇനത്തിൽ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള വരുമാനത്തേക്കാൾ കൂടുതലാണോ ആഡിറ്റിനുവേണ്ടിയുണ്ടാകുന്ന ചെലവ് എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) 16 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് കൈകാര്യം ചെയ്യുന്നുണ്ട്.

1. കേരളാ ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി.
2. കേരളാ പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട്.
3. കേരള സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട്, ഡിസ്ട്രിക്ട് ബെനവലന്റ് ഫണ്ട് ആന്റ് ഫ്ളാഗ് ഡേ ഫണ്ട് ഓഫ് രാജ്യസൈനിക ബോർഡ്.
4. കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട്.
5. കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
6. കേരളാ ഖാദി വർക്കേഴ്സ് വെൽഫെയർഫണ്ട്.
7. കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
8. കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
9. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
10. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
11. റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട്.
12. ലേബർ വെൽഫെയർ ഫണ്ട്.

LIBRARY ARCHIVES Kerala Legislative Assembly